# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3705 — 26.06.2012 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണ്; | (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാമ്പ ത്തിക പാക്കേജ് സംസ്ഥാനങ്ങൾ അംഗീകരിച്ച് ധാരണ പത്രത്തിൽ ഒപ്പ് വയ്ക്കുന്നതിനുള്ള അവസാന തീയതി 05.07.2008 ആയിരുന്നു. ടി സാമ്പത്തിക പാക്കേജിൽ കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കുന്ന മുറയ്ക്കും, ധാരണാ പത്രം ഒപ്പ് വെയ്ക്കാനുള്ള അവസാന തീയതി കഴിഞ്ഞതിനാൽ കേരളത്തിൽ പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതി ലഭിക്കുന്ന മുറയ്ക്കും കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമായ തരത്തിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്ക ണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. |
| ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എല്ലാം തന്നെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ പൊതുവെ അംഗീകരിക്കത്തക്കതാണെങ്കിലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് ലഭിക്കുന്നതിനായി സംസ്ഥാനങ്ങൾ കേന്ദ്ര |

സർക്കാറുമായും നബാർഡുമായും ധാരണാപത്രം ഒപ്പിടേണ്ടതുണ്ട്. ടി ധാരണാപത്രത്തിലെ നിരവധി വ്യവസ്ഥകൾ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷകര മായ വ്യവസ്ഥകൾ ഒഴിവാക്കുന്ന മുറയ്ക്ക് ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുണമെന്നതാണ് ഇക്കാര്യത്തിലുള്ള കേരള സർക്കാരിന്റെ നിലപാട്.

സെക്ഷൻ ഓഫീസർ